**ആരോഗ്യ ശാസ്ത്ര വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങളെയും അന്വേഷണങ്ങളെയും സംശയങ്ങളെയും കുറിച്ച് ഡോ. ആർ.വി.ജി. മേനോൻ സംസാരിക്കുന്നു.**

# മാറ്റം അനിവാര്യം പക്ഷെ പഴമയെ പാടേ നിക്ഷേധിക്കരുത്

ഡോ. ആർ.വി.ജി. മേനോൻ/കെ.രാജൻ

**1. സ്വാശ്രയ കോളേജ് വിധി, സ്വകാര്യ വിദ്യാലയങ്ങളുടെ പെരുപ്പം എന്നിവ പൊതുവിദ്യാഭ്യാസത്തിന് സൃഷ്ടിക്കുന്ന വെല്ലുവിളി എങ്ങനെ നേരിടാനാവും? പൊതുവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാനാകും? മാനേജ്മെന്റ് സർക്കാർ വൈരുദ്ധ്യം, സാമൂഹ്യനീതി, അധ്യാപകരുടെ കാര്യക്ഷമതയില്ലായ്മ...?**

സ്വാശ്രയകോളേജുകളെ സംബന്ധിച്ച സുപ്രീംകോടതി വിധികളെ കോടതിയിൽ തന്നെ ചോദ്യം ചെയ്യാം. ന്യൂനപക്ഷാവകാശം, സാമൂഹ്യനീതി തുടങ്ങിയ വിഷയങ്ങൾ കുറേക്കൂടി വലിയ ഒരു ഭരണഘടനാ ബെഞ്ചിന് മാത്രമേ ഇനി കൈകാര്യം ചെയ്യാനാകൂ. മറ്റൊരു മാർഗ്ഗം ഭരണഘടനാ ഭേദഗതിയാണ്. അതിനുള്ള ദർശനവ്യക്തതയും ഇച്ഛാശക്തിയും കാൺമാനില്ല.

ഇതൊക്കെ നടക്കുംവരെ കോടതിവിധി മാനിച്ചേ മതിയാവൂ. നീതിപൂർവമായ വിദ്യാർത്ഥി പ്രവേശനം ഉറപ്പാക്കാൻ സുപ്രീംകോടതി വിധി സഹായിക്കും. പക്ഷേ പാവപ്പെട്ടവർക്കും അധഃസ്ഥിതർക്കും പഠിക്കാൻ കഴിയണമെങ്കിൽ സാമ്പത്തിക സഹായം കൂടിയേതീരൂ. ആ ചുമതലയിൽനിന്ന് സ്വകാര്യമാനേജ്മെന്റിനെ ഒഴിവാക്കുകയും ക്രോസ് സബ്സിഡി നിരോധിക്കുകയും ചെയ്ത സ്ഥിതിക്ക് ഇനി ആ ഭാരം സമൂഹം (സർക്കാർ) തന്നെ ഏറ്റെടുത്തേ പറ്റൂ. അതിനായി സർക്കാർ പ്രത്യേക വിഭവസമാഹരണം നടത്തണം.

**2. സ്വകാര്യവത്കരണം വേറെ, കച്ചവടവത്കരണം വേറെ എന്നഭിപ്രായപ്പെടാൻ കാരണമെന്താണ്?**

സ്വകാര്യസ്ഥാപനങ്ങൾ ധർമ്മസ്ഥാപനങ്ങളായും നടത്താം. അമേരിക്കയിലെ പ്രമുഖ സ്വകാര്യ സർവകലാശാലകൾ അത്തരത്തിലുള്ളവയാണ്. ഇന്ത്യയിലും വെല്ലൂർ മെഡിക്കൽ കോളേജ് അങ്ങനെയാണല്ലോ. കോളേജ് നടത്താനുള്ള ചെലവ് കുട്ടികളിൽനിന്ന് പിരിച്ചെടുക്കുമ്പോഴാണ് അത് കച്ചവടമാകുന്നത്. ധർമ്മപ്രവർത്തനമാകുമ്പോൾ ചെലവിനുള്ള വക അവർ വേറെ കണ്ടെത്തണം.

**3. ഡി.പി.ഇ.പിയിലെ സംവാദാത്മകവും പ്രക്രിയാപരവുമായ പഠനരീതിയും ഗ്രേഡിംഗും സിലബസ് പരിഷ്കരണവും ഉന്നതതല വിദ്യാഭ്യാസമേഖലയിലേക്ക് വ്യാപിപ്പിക്കേണ്ടതല്ലേ?**

ഡി.പി.ഇ.പി. പ്രൈമറി വിദ്യാഭ്യാസ പ്രോജക്റ്റാണല്ലോ. അതെങ്ങനെയാണ് മേലോട്ട് വ്യാപിക്കുക? പക്ഷേ അതിന്റെ കൂടെ നടപ്പാക്കിയ പാഠ്യപദ്ധതി പരിഷ്കരണം തീർച്ചയായും ഉന്നത വിദ്യാഭ്യാസത്തിലേക്കും എത്തിക്കേണ്ടതുണ്ട്. ഗ്രേഡിംഗും സി.സി.ഇ.യും അതിന്റെ ഒരു ഭാഗം മാത്രം. ഉന്നത വിദ്യാഭ്യാസരംഗത്ത് സമ്പൂർണ്ണ ഉടച്ചുവാർക്കൽ ആവശ്യമാണ്.

**4. മെഡിക്കൽ കോളേജ്/കാർഷിക കോളേജ്/എഞ്ചിനിയറിംഗ് കോളേജ് – അധ്യാപകരും വിദ്യാർത്ഥിസമൂഹവും നാട്ടുവൈദ്യന്മാരിൽനിന്നും നാടൻകർഷകരിൽനിന്നും നാട്ടുപ്രതിഭകളിൽനിന്നും മറ്റ് ജ്ഞാനരീതികളിൽനിന്നും പഠിക്കേണ്ടതില്ലേ?**

നാട്ടുവൈദ്യന്മാരും നാടൻ വിദഗ്ധരുമുൾപ്പെടെയുള്ള എല്ലാ സ്രോതസ്സുകളിൽനിന്നും അറിവുൾക്കൊള്ളാൻ അദ്ധ്യാപകർ തയ്യാറായിരിക്കണം. പക്ഷേ 'വിമർശനബുദ്ധിയോടെയുള്ള ഉൾക്കൊള്ളൽ' ആണ് ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടാകേണ്ടത്. വിമർശനപരമായ വിലയിരുത്തൽ ടെക്സ്റ്റുബുക്ക് വിജ്ഞാനത്തിനും ബാധകമാണ്.

**5. ശാസ്ത്രം, ചരിത്രം, ഗണിതം, സാമൂഹ്യശാസ്ത്രം.... എന്നീ മേഖലകളിലെ പരിഷത്തിന്റെ അന്വേഷണങ്ങളെ യൂറോകേന്ദ്രിതവും വസ്തുതാപരവും ആയ ജ്ഞാനമാതൃകയുടെ പിൻവിളികൾ തടയുന്നില്ലേ? 'Proceedings of the seminar on 1500 years of Aryabhateeyam' എന്ന പരിഷത്തിന്റെ ഗ്രന്ഥം വഴിമാറി നടക്കുന്നതിന്റെ പുറപ്പാടടയാളമാണോ?**

ശാസ്ത്രമേഖലയിലെ പരിഷത്തിന്റെ പ്രവർത്തനങ്ങളുടെ ജ്ഞാനസിദ്ധാന്തപരമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുന്നു. അതിലെ പോസിറ്റിവിസ്റ്റിക് സ്വാധീനം പരിശോധിക്കപ്പെടേണ്ടതുണ്ട്. പക്ഷേ യൂറോകേന്ദ്രിതത്വം ഉണ്ടോ എന്ന് സംശയമാണ്. ഗണിതശാസ്ത്രത്തിലെ കേരളീയ സംഭാവനകൾ, ജ്യോതിശ്ശാസ്ത്രത്തിലെ ഭാരതീയ സംഭാവനകൾ തുടങ്ങിയവ മുമ്പും പരിഷത്ത് ഉയർത്തികാട്ടിയിട്ടുണ്ട്. പക്ഷേ പഴമയുടെ പേരിലുള്ള പൊങ്ങച്ച പ്രകടനത്തെയോ കാലഹരണപ്പെട്ട ആചാരങ്ങളിൽ ശാസ്ത്രീയത ആരോപിക്കുന്നതിനെയോ പരിഷത്ത് പിൻതുണക്കില്ല.

**6. 'മെച്ചപ്പെട്ട ടെക്നോളജി മാത്രം പോരാ എന്നും 'ഭോഗാസക്തിയെ കടിഞ്ഞാണിടുന്ന ആത്മീയത വേണം'**



ബദൽ വിദ്യാഭ്യാസ പരീക്ഷണങ്ങളിലൂടെ വിദ്യാഭ്യാസ പ്രക്രിയയെക്കുറിച്ച് നല്ല ഉൾക്കാഴ്ചകൾ കിട്ടാനിടയുണ്ട്. അവയെ ശ്രദ്ധാപൂർവ്വം വിലയിരുത്തണം. എന്നാൽ അവയെ അതേരൂപത്തിൽ മുഖ്യധാരയിലേക്ക് പറിച്ചുനടാൻ ശ്രമിക്കുന്നത് സൂക്ഷിച്ചുവേണം. സാധാരണശേഷിയുള്ള സാധാരണ അദ്ധ്യാപകർക്ക് സാധാരണ ചുറ്റുപാടുകളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ മുഖ്യധാരയിലേക്ക് കൊടുക്കാവൂ.

**എന്നും സാർ പലയിടത്തും അഭിപ്രായപ്പെട്ടിട്ടുണ്ട്. പരിഷത്തിന്റെ പതിവു ചട്ടക്കൂടുകളെ പുതുക്കാൻ ശ്രമിക്കുകയാണോ?**

ഉപഭോഗ സംസ്കാരത്തിനെതിരായി ശക്തമായ നിലപാട് എന്നും പരിഷത്ത് എടുത്തുപോന്നിട്ടുണ്ട്. അതിനെ മതാതീതമായ ആത്മീയതയായി വ്യാഖ്യാനിക്കുന്ന രീതി എം.പി.പരമേശ്വരനും ഞാനും ചിലപ്പോൾ പ്രയോഗിക്കാറുണ്ട്. അതിനോടുള്ള പ്രതികരണവും കൗതുകപൂർവം ശ്രദ്ധിക്കാറുണ്ട്.

**7. 'ശാസ്ത്രഗതി'യിൽ പ്രകൃതി ചികിത്സയെ കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധിക്കാറുണ്ട്. അലോപ്പതി ഒഴിച്ചുള്ള ആരോഗ്യ പരിപാലനരീതികളെ അശാസ്ത്രീയവും പ്രാകൃതവും ആയി വിലയിരുത്തുന്ന സമീപനത്തിൽ യൂറോ കേന്ദ്രിതമായ ജ്ഞാനവ്യവസ്ഥയുടെ സ്വാധീനമില്ലേ?**

അലോപ്പതിയിലും നാച്ചുറോപ്പതി, ഹോമിയോപ്പതി ആദിയായ രീതികളായാലും പ്രയോഗസാധുതയാണ് പ്രധാനം. പ്രയോഗസാധുത വിലയിരുത്തുന്നതിനുള്ള ശാസ്ത്രീയമായ ഒരു സംവിധാനം അംഗീകരിക്കാത്ത അന്വേഷണപദ്ധതികളെ കപടശാസ്ത്രമെന്ന് വിളിക്കാതെ തരമില്ല. "ചിലർക്ക് ചില കാലമൊത്തിടും" എന്ന രീതി പ്രതിസന്ധിയിൽപെട്ട രോഗികൾക്ക് സ്വീകാര്യമായേക്കും. പലർക്കും ഗുണവും കിട്ടിയേക്കാം. പക്ഷേ അത്തരത്തിലുള്ള ഒറ്റപ്പെട്ട അനുഭവസാക്ഷ്യങ്ങൾ ശാസ്ത്രീയതക്ക് തെളിവാകില്ല. അലോപ്പതികൾ ആവശ്യപ്പെടുന്ന ഡബിൾ ബ്ലൈന്റ് ടെസ്റ്റിന് പരിമിതികൾ ഉണ്ടെങ്കിൽ തങ്ങൾക്ക് സ്വീകാര്യമായ, ശാസ്ത്രസമ്മതമായ, പരീക്ഷണരീതികൾ ഉരുത്തിരിച്ചെടുക്കാനുള്ള ഉത്തരവാദിത്തം ആ മേഖലയിൽ പഠന-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന അക്കാദമിക സമൂഹത്തിനുണ്ട്. ഏതുതരത്തിലുള്ള പരീക്ഷണങ്ങളും റിപ്പോർട്ട് ചെയ്യുവാൻ "ശാസ്ത്രഗതി" ഒരുക്കമാണ്.

**8. ബദൽ വിദ്യാഭ്യാസ പരീക്ഷണങ്ങളുടെ (സാരംഗ്, കനവ്) പ്രസക്തിയും പ്രതിസന്ധിയുമെന്താണ്?**

ബദൽ വിദ്യാഭ്യാസ പരീക്ഷണങ്ങളിലൂടെ വിദ്യാഭ്യാസ പ്രക്രിയയെക്കുറിച്ച് നല്ല ഉൾക്കാഴ്ചകൾ കിട്ടാനിടയുണ്ട്. അവയെ ശ്രദ്ധാപൂർവ്വം വിലയിരുത്തണം. എന്നാൽ അവയെ അതേരൂപത്തിൽ മുഖ്യധാരയിലേക്ക് പറിച്ചുനടാൻ ശ്രമിക്കുന്നത് സൂക്ഷിച്ചുവേണം. സാധാരണശേഷിയുള്ള സാധാരണ അദ്ധ്യാപകർക്ക് സാധാരണ ചുറ്റുപാടുകളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ മുഖ്യധാരയിലേക്ക് കൊടുക്കാവൂ. വിജയലക്ഷ്മി ഗോപാലകൃഷ്ണൻ, ബേബി തുടങ്ങിയവരൊക്കെ അസാമാന്യ കഴിവുകളുള്ള സാധാരണ വ്യക്തികളാണ് എന്നത് മറക്കരുത്.

**9. ധരംപാലിന്റെ 'The beautiful tree' എന്ന ഗ്രന്ഥം കൊളോണിയൽ ആധുനികതയുടെ (മിഷ്യനറി ആധുനികത എന്നും വികസനാധുനികതയെന്നും മറ്റുപേരുകൾ) വരവിന് മുമ്പത്തെ കേരളത്തിലെ വിദ്യാഭ്യാസ പാരമ്പര്യത്തിന് ഉജ്ജ്വലമായ മുഖമുണ്ടെന്ന് അഭിപ്രായപ്പെടുന്നുണ്ട്. ഇതിനെക്കുറിച്ച് എന്താണഭിപ്രായം?**

ധരംപാലിന്റെ കണ്ടെത്തലുകൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. അന്ന് നിലവിലിരുന്ന ബ്രിട്ടീഷ് സംവിധാനത്തേക്കാൾ മെച്ചമായിരുന്നു മലബാറിലേത്. മുസ്ലീം സ്ത്രീകളുടെയും ഈഴവരുടെയും മറ്റും അവസ്ഥ പ്രത്യേകം പ്രസ്താവ്യമാണ്. അന്നത്തെ സാമൂഹിക ആവശ്യങ്ങൾ നിറവേറുന്ന തരം വിദ്യാഭ്യാസസമ്പ്രദായമായിരുന്നു അന്നുണ്ടായിരുന്നത്. ആ അടിത്തറയിൽ ആധുനിക വിദ്യാഭ്യാസം കെട്ടിപ്പടുത്തിരുന്നെങ്കിൽ ചരിത്രം വ്യത്യസ്തമായേനെ.

എങ്കിലും പാരമ്പര്യാധിഷ്ഠിതമായ അന്നത്തെ സമൂഹത്തിന്റെ പരിമിതികളും അന്നത്തെ വിദ്യാഭ്യാസത്തിന് ഉണ്ടായിരുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത് പാരമ്പര്യത്തിനെ ചോദ്യം ചെയ്യാനോ വിമർശനപരമായി വിലയിരുത്തുവാനോ അനുവദിച്ചിരുന്നോ എന്ന് സംശയമാണ്. സിദ്ധാന്തത്തെയും പ്രയോഗത്തെയും ഏകോപിപ്പിക്കാനും അതിന് കഴിഞ്ഞിരുന്നോ എന്ന് പരിശോധിക്കണം. ഗണിതം, ജ്യോതിഷം, വൈദ്യം, സാഹിത്യം എന്നീ ഏതാനും മേഖലകളിലേക്ക് അവയുടെ വ്യാപ്തി ചുരുങ്ങിയിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈഴവർക്ക് കീഴെയുള്ള മറ്റ് പിന്നോക്ക ജാതിക്കാർ അന്നും പുറത്തുതന്നെയായിരുന്നു.

ഇതൊക്കെ കാണിക്കുന്നത് മാറ്റം അനിവാര്യമായിരുന്നു എന്നാണ്. പക്ഷേ അത് പഴമയെ പാടേ നിഷേധിച്ചുകൊണ്ടായിപ്പോയി എന്നതായിരുന്നു നമുക്ക് നേരിട്ട പാളിച്ച.

*ഹരിതകം, കരമന*
*തിരുവനന്തപുരം*

*കാരാട്ടിൽ വീട്*
*ശിവൻകുന്ന്, മണ്ണാർക്കാട്*